**തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ല അദാലത്ത് കൺവീനറുടെ നടപടിക്രമം**
**(ഹാജർ: സുരേന്ദ്രൻ ടി ടി )**

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് - ബദിയടുക്ക ഗ്രാമപഞ്ചായത്ത് ശ്രീ. സീതാരാമ എന്നിവരുടെ അപേക്ഷ തുടർനടപടി ഉത്തരവ് സംബന്ധിച്ച്.

പരാമർശം:- 1. ശ്രീ. സീതാരാമ, s/o കൃഷ്ണ നായിക് ബദിയടുക്ക ഗ്രാമപഞ്ചായത്ത് എന്നിവർ തദ്ദേശ അദാലത്ത് പോർട്ടലിൽ BPKSGD31187000041 ഡോക്കറ്റ് നമ്പർ പ്രകാരം സമർപ്പിച്ച അപേക്ഷ.
2.19.06.2025 തീയതിയിൽ ചേർന്ന അദാലത്ത് തീരുമാനം
3. ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2025 തീയതിയിലെ SC3/592/2025 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ : -LSGD/JD/KSD/4598/2024-E1- തീയ്യതി. 14-07-2025</u>**

സീതാരാമ വി, s/o കൃഷ്ണ നായിക് എന്നിവർ അദാലത്ത് പോർട്ടലിൽ സമർപ്പിച്ച പരാതി 19/06/2025 തീയതിയിൽ ചേർന്ന അദാലത്ത് സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനയത്തിൽ ടിയാന്റെ താമസവശ്യത്തിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടവും ടിയാൻ സമർപ്പിച്ച രേഖകളും വിശദമായി പരിശോധിക്കുന്നതിന് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഹെഡ് ക്ലർക്കിനെയും ഓവർസിയർനെയും ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം 2 പ്രകാരം ബദിയടുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

റിപ്പോർട്ട് പ്രകാരം ടിയാന്റെ 9/415 നമ്പർ കെട്ടിടത്തിന് വാർഷിക വസ്തു നികുതി ലൈബ്രറി സെസ്സ് ഉൾപ്പെടെ 591 രൂപ ചുമത്തിയതായി പറഞ്ഞിട്ടുണ്ട്. സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന് നികുതി അസ്സെസ്സ് ചെയ്തതിനു ശേഷം മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല എന്നും ടിയാന് 29/08/2006 ൽ കെട്ടിട നിർമ്മാണത്തിനായി ലഭിച്ച NOC യിൽ റവന്യൂ വകുപ്പ് 130.02 $m^2$ കെട്ടിടത്തിന് നൽകിയ ഡിമാന്റ് നോട്ടീസിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ റിപ്പോർട്ടിൽ നിന്നും അനുബന്ധ രേഖകളിൽ നിന്നും അപേക്ഷകനായ ശ്രീ സീതാരാമയുടെ അപേക്ഷയിന്മേൽ, അശ്രദ്ധമായും നിരുത്തരവാദപരമായും, പഞ്ചായത്ത് രേഖകൾ പ്രകാരം അസ്സസ്സ് ചെയ്തതും കെട്ടിട നികുതി അടക്കുന്നതുമായ കെട്ടിടത്തിനുൾപ്പെടെ റെഗുലറൈസേഷൻ ഫീസ് ഒടുക്കുന്നതിനായി നോട്ടീസ് നൽകിയത് തെറ്റായതും അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്നതുമായ നടപടിയാണ്. യഥാർത്ഥത്തിൽ അപേക്ഷകന് ഒന്നാം നില കെട്ടിടം പണിയുന്നതിന് നിയമാനുസൃതമായ പെർമിറ്റ് ഫീസ് മാത്രമാണ് ഈടാക്കേണ്ടിയിരുന്നത്.

സഞ്ജയ സോഫ്റ്റ്‌വെയറിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 26.22 $m^2$ എന്ന് തെറ്റായത് രേഖപ്പെടുത്തിയത് തിരുത്തുന്നതിന് ഐ കെ എം ന്റെ സഹായം തേടേണ്ടതാണ്.

ആയതിനാൽ ശ്രീ സീതാരാമ വി എന്നിവർ 05/02/2025 ന് ബദിയടുക്ക പഞ്ചായത്തിൽ സമർപ്പിച്ച കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷ ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയമാനുസൃത ഫീസ് ഈടാക്കി തുടർനടപടികൾ സ്വീകരിച്ച് 7 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

**Signed by Surendran T T**
**Date: 14-07-2025 12:35:13**

SURENDRAN T T
INTERNAL VIGILANCE OFFICER

സ്വീകർത്താവ്:

പകർപ്പ് സമർപ്പിക്കുന്നു :

പകർപ്പ്: